# മുദ്രയിടപ്പെട്ട പുസ്തകം (രണ്ടാം ഭാഗം) വെളിപാട് പഠനം 57

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

വാക്യം. 5: 8- ''വാങ്ങിയപ്പോള് നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും ഓരോരുത്തന് വീണയും വിശുദ്ധന്മാരുടെ പ്രാര്ത്ഥന എന്ന ധൂപവര്ഗ്ഗം നിറഞ്ഞ പൊന്കലശവും പിടിച്ചുകൊണ്ട് കുഞ്ഞാടിന്റെ മുമ്പാകെ വീണു. പുസ്തകം വാങ്ങുവാനും അതിന്റെ മുദ്രപൊട്ടിപ്പാനും നീ യോഗ്യന്. നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സര്വ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കു വാങ്ങി. ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഗിതന്മാരും ആക്കിവെച്ചു, അവര് ഭൂമിയില് വാഴുന്നു എന്നൊരു പുതിയ പാട്ടു അവര് പാടുന്നു.''

സ്വര്ഗ്ഗം ആകെ സന്തോഷിക്കുന്നു. നാലു ജീവികള് 24 മൂപ്പന്മാര്, ദൂതഗണം ഇവരെല്ലാം കുഞ്ഞാടിന് സ്തുതി പാടുന്നു. മാത്രമല്ല, സ്വര്ഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലുമുള്ള സകല സൃഷ്ടിയും അവയിലുള്ളതൊക്കെയും സ്തുതി പാടുന്നു. സാത്താനും അവന്റെ സൈന്യങ്ങള്ക്കും പാപികള്ക്കും പാടാന് കഴിഞ്ഞില്ല. ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലുമുള്ള സര്വ്വ സൃഷ്ടിയും ആ സന്ദര്ഭത്തില് സ്തുതി പാടുവാന് കാരണം സര്വ്വസൃഷ്ടിയും ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കയാണ്. റോമ. 8: 22. ദൈവം ആദാമിനെ സൃഷ്ടിച്ചു ഏദനിലാക്കി. ഈ ഭൂമി അവന്റഎ അവകാശ വസ്തുവായി ദൈവം അവന് നല്കി. ''നിങ്ങള് സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയില് നിറഞ്ഞു അതിന്മേല് വാഴുവിന് ''എന്ന് ദൈവം മനുഷ്യനോട് കല്പ്പിച്ചു. എന്നാല് സാത്താന്റെ തന്ത്രപ്രയോഗത്താല് ആദാം വീഴ്ചയിലകപ്പെടുകയും മനുഷ്യവര്ഗ്ഗം സാത്താന്റെ അടിമയായിത്തീരുകയും ചെയ്തു. കൂടാതെ അവന്റെ അവകാശ വസ്തുവായ ഈ ഭൂമിയും സാത്താന്റെ കൈവശത്തിലായിപ്പോയി. അങ്ങനെ ഈ ഭൂമിയിലെ സൃഷ്ടിയെല്ലാം ദ്രവത്വത്തിന്റെ ദാസ്യത്തിലായിത്തീര്ന്നുപോയി. റോമ. 8: 20. ഭൂമി ശപിക്കപ്പെട്ടു. വിഷബീജത്താലും രോഗാണുക്കളാലും എന്നുവേണ്ട സകല വിധ ശാപവിഷയങ്ങളാലും ഭൂമി നിറയപ്പെട്ടിരിക്കുകയാണ്. എന്നാല് സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തില് നിന്നു വിടുതല് പ്രാപിക്കുമെന്നുള്ള ആശയോടെ മായെക്ക് കീഴ്പ്പെട്ടിരിക്കുകയാണ്. റോമ. 8: 20. കുഞ്ഞാട് ഭൂമിയുടെ വീണ്ടെടുപ്പിന്റെ അവകാശപത്രം വാങ്ങിയതിനാല് തങ്ങളുടെ വീണ്ടെടുപ്പ് വേഗത്തില് സംഭവിക്കും എന്നുള്ള പ്രത്യാശയാലും സന്തോഷത്താലുമാണ് അവയെല്ലാം സ്തുതി പാടിയത്.

സിംഹാസനങ്ങളില് ഇരുന്നിരുന്ന 24 മൂപ്പന്മാര് സിംഹാസനങ്ങളില് നിന്ന് എഴുന്നേറ്റ് പാടുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അവര് കുഞ്ഞാടിന്റെ മുമ്പാകെ വീണു. ഓരോരുത്തന് വീണയും വിശുദ്ധന്മാരുടെ പ്രാര്ത്ഥന എന്ന ധൂപ

വര്ഗ്ഗവും നിറഞ്ഞ പൊന്കലശവും പിടിച്ചുകൊണ്ട് ''പുസ്തകം വാങ്ങുവാനും അതിന്റെ മുദ്രപൊട്ടിപ്പാനും നീ യോഗ്യന്, നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ട് സര്വ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ള ഞങ്ങളെ ദൈവത്തിനായി വിലെക്കു വാങ്ങി. ഞങ്ങളുടെ ദൈവത്തിന് ഞങ്ങളെ രാജാക്കന്മാരും പുരോഗിതന്മാരും ആക്കിവെച്ചു. ഞങ്ങള് ഭൂമിയില് വാഴും''. ഇതിന്റെ അര്ത്ഥം എന്താണ്? നിന്റെ രക്തത്താല് ഞങ്ങള് വീണ്ടെടുക്കപ്പെട്ടവരാണ്. മാത്രമല്ല ഞങ്ങളുടെ അവകാശ വസ്തുവായ ഭൂമിയുടെ വീണ്ടെടുപ്പിനുവേണ്ടിക്കൂടെയാണ് നീ രക്തം ചൊരിഞ്ഞത്. അതിന്റെ അവകാശ പത്രം നീ ഇപ്പോള് വാങ്ങിയിരിക്കുന്നു. ആകയാല് ഭൂമി സാത്താന്റെ കൈവശത്തില് നിന്ന് വീണ്ടെടുക്കപ്പെടുവാന് പോകുന്നു. അത് ഞങ്ങള്ക്ക് ലഭിപ്പാനുള്ള സമയമായിരിക്കുന്നു. അപ്പോള് ഞങ്ങള് ഭൂമിയില് വാഴും എന്നുതന്നെ. 24 മൂപ്പന്മാരുടെ പാട്ടില് 'ഞങ്ങള് ' എന്ന പദപ്രയോഗമാണ് ശരിയായ ഭാഷ. 'അവര് ' ഭൂമിയില് വാഴും എന്നുള്ള പദപ്രയോഗം എടുത്താലും ഇപ്രകാരം അതിനെ വ്യാഖ്യാനിക്കാം. ഈ പാടുന്ന കൂട്ടത്തില് 4 ജീവികളും പാടുന്നുണ്ട്. ഈ ജീവികള് യേശുവിന്റെ രക്തത്താല് വീണ്ടെടുക്കപ്പെട്ടവരല്ല. ദൂതവര്ഗ്ഗത്തില്പ്പെട്ട ഒരു വിഭാഗമാണ്. ഈ നാലു ജീവികള് പാടുമ്പോള് നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ട് സര്വ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കുവാങ്ങി. ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു. അവര് ഭൂമിയില് വാഴുന്നു എന്നൊരു പുതിയ പാട്ടു അവര് പാടുന്നു., നാലു ജീവികള് പാടുമ്പോള് 'അവരെ' എന്നുള്ള പദപ്രയോഗത്താല് പാടുന്നു. 24 മൂപ്പന്മാര് പാടുമ്പോള് 'ഞങ്ങളെ' എന്നുള്ള പദപ്രയോഗത്താല് പാടുന്നു. നാലു ജീവികളും 24 മൂപ്പന്മാരും ഓരോരുത്തന് വീണയും വിശുദ്ധന്മാരുടെ പ്രാര്ത്ഥനയെന്ന ധൂപവര്ഗ്ഗം നിറഞ്ഞ പൊന്കലശവും പിടിച്ചുകൊണ്ട് കുഞ്ഞാടിന്റെ മുമ്പാകെ വീഴുന്നു. വീണ ഒരു സംഗീത ഉപകരണമാണ്. വീണയോടും തപ്പിനോടും കിന്നരത്തോടും കൂടെ ദൈവത്തെ പാടിസ്തുതിച്ച് ആരാധിച്ചിരിക്കുന്നതിന്റെ തെളിവ് ദൈവവചനത്തിലുണ്ട്. ''കിന്നരം കൊണ്ട് യഹോവയ്ക്ക് സ്തോത്രം ചെയ്യുവിന്. പത്തു കമ്പിയുള്ള വീണകൊണ്ട് അവന് സ്തുതി പാടുവിന്.'' സങ്കീ. 33: 2; 98: 5. സ്വര്ഗ്ഗീയ ആരാധനയുടെ ഭാഗമായ വീണ നാദത്തെക്കുറിച്ച് വെളിപാട് 14: 2ല് നാം വായിക്കുന്നു. വീണയോടൊപ്പം വിശുദ്ധന്മാരുടെ പ്രാര്ത്ഥനയെന്ന ധുപവര്ഗ്ഗം നിറഞ്ഞ പൊന്കലശവും 24 മൂപ്പന്മാരുടെ കരങ്ങളില് കാണുന്നു. പ്രാര്ത്ഥനയെ ധുപവര്ഗ്ഗത്തോടു ഉപമിച്ചിരിക്കുന്നു. ''എന്റെ പ്രാര്ത്ഥന തിരുസന്നിധിയില് ധുപമായും തീരട്ടെ. '' സങ്കീ. 142: 2. ധൂപപീഠം ഉണ്ടുകുന്നതിനെക്കുറിച്ചും അതില് ധുപവര്ഗ്ഗം അര്പ്പിക്കുന്നതിനെക്കുറിച്ചും പുറപ്പാട് 30: 1-10, 34, 35. പ്രായശ്ചിത്തത്തിനായി ധൂപവര്ഗ്ഗം ഉപയോഗിക്കുന്നു. ലേവ്യ. 16: 12, 13; സംഖ്യ- 16: 46, 47. ലൂക്കോ: 1: 10. ധൂപ വര്ഗ്ഗത്തില് ഉയരുന്ന പുക പ്രാര്ത്ഥനയ്ക്ക് പ്രതീകമാണ്. യെശ. 6: 3, 4. വെളിപാട് പുസ്തകത്തില് കാണുന്ന ധൂപ വര്ഗ്ഗം എന്നത് വിശുദ്ധന്മാരുടെ

പ്രാര്ത്ഥനയാണ്. വെളി. 8: 3, 4. വിശുദ്ധന്മാര് പ്രാര്ത്ഥിച്ച പ്രാര്ത്ഥനകളാണ് ഈ പൊന്കലശത്തില് ഉള്ളത്. നമ്മുടെ ഓരോ പ്രാര്ത്ഥനയും ഈ പൊന്കലശത്തിലേക്ക് പോകുന്നു. ഒരിക്കല് ആ കലശങ്ങള് നിറയുകയും അവ അവിടുത്തെ മുമ്പില് ചൊരിയുകയും ചെയ്യും. വിശ്വാസികള് പ്രാര്ത്ഥിച്ച പ്രാര്ത്ഥകളുടെ ആകെത്തുകയാണിത്. അവിടുത്തെ രാജ്യം വരേണമേ എന്നുള്ള പ്രാര്ത്ഥനയും ഈ പൊന്കലശത്തിലുണ്ട്. ഈ ഭൂമിയെ വീണ്ടെടുത്ത് അവിടുത്തെ നീതിയുടെ രാജ്യം സ്ഥാപിക്കേണമേ എന്നാണ് ഈ പ്രാര്ത്ഥന കര്ത്താവിനോട് ആവശ്യപ്പെടുന്നത്. എപ്പോഴും പ്രാര്ത്ഥിക്കുന്ന പ്രാര്ത്ഥന പെട്ടന്നൊന്നും സംഭവിച്ചില്ലെങ്കിലും നമ്മുടെ പ്രാര്ത്ഥന ആ പൊന്കലശത്തിലേക്കാണ് പോകുന്നത്. ഒരിക്കല് കലശങ്ങള് നിറയും. അപ്പോള് കാര്യങ്ങള് സംഭവിപ്പാന് തുടങ്ങുന്നത് നിങ്ങള് കാണും. അതുകൊണ്ടാണ് പ്രാര്ത്ഥിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമായിരിക്കേണ്ടത്. ദൈവരാജ്യത്തിന്റെ വരവിനായി നാം പ്രത്യേകം പ്രാര്ത്ഥിക്കേണ്ടിയിരിക്കുന്നു. ശാരീരിക സൗഖ്യത്തിനു വേണ്ടിയൊ മറ്റൊ ഉള്ള പ്രാര്ത്ഥനകളെക്കാള് പ്രധാനപ്പെട്ടതാണത്. താമസിക്കാതെ ആ കലശം നിറയുകയും അതു ചൊരിയപ്പെടുകയും ചെയ്യും. വിശുദ്ധന്മാരുടെ പ്രാര്ത്ഥനയുടെ പ്രതികരണമായി ദൈവം പ്രവര്ത്തിക്കേണ്ടത് കാണേണ്ടതും അനുഭവിക്കേണ്ടതും നമ്മെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്.

അവര് എന്താണ് പാടുന്നത്? പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യന്. അവര് പുതുയ പാട്ട് പാടുന്നു എന്നു പറഞ്ഞാല് ''നീ യോഗ്യന്'' എന്നവര് ഓരോ തവണ പാടുമ്പോഴും അത് പുതുമയുള്ളതാണ് എന്ന് അര്ത്ഥം. നാം പരിശുദ്ധാത്മാവിനാല് നിറഞ്ഞ് ഓരോ ദിവസവും ക്രൂശിന്റെ പാതയില് നടന്നാല് ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്ന ഓരോ തവണയും അത് നമുക്ക് പുതുതായിരിക്കം. ''നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ട് ഞങ്ങളെ വിലെക്ക് വാങ്ങി. യേശു തന്റെ സ്വന്ത ജീവനെ നമ്മുടെ മറുവിലയായി നല്കി നമ്മെ പാപത്തിന്റെ അടിമത്വത്തില് നിന്നും വിലെക്കു വാങ്ങി. ഏബ്രാ. 9: 11, 12. മനുഷ്യവര്ഗ്ഗത്തെ ദൈവത്തിന്നായി യേശു വിലെക്കു വാങ്ങുയത് താന് കാല്വറിയില് ചൊരിഞ്ഞ രക്തത്താലാണ്.

## യേശുവിന്റെ രക്തത്തിന്റെ പ്രത്യേകത

1. 1 പത്രൊ. 1; 18, 19. വീണ്ടെടുപ്പിന്റെ രക്തം.
2. 1. യോഹ. 1: 7. ശുദ്ധീകരണത്തിന്റെ രക്തം.
3. യോഹ. 6: 54. നിത്യജീവന്റെ രക്തം.
4. എബ്രാ. 9: 12. മദ്ധ്യസ്ഥതയുടെ രക്തം.
5. കൊലൊ. 1: 20. സമാധാനത്തിന്റെ രക്തം.
6. റോമ. 5: 9. നീതീകരണത്തിന്റെ രക്തം.
7. എബ്രാ. 12: 24. പുണ്യാഹ രക്തം.
8. എബ്രാ. 13: 20. നിയമത്തിന്റെ രക്തം.

9. യോഹ. 6: 54. ഉയര്പ്പിന്റെ രക്തം.
10. എബ്രാ. 10: 19, 20. പ്രവേശനത്തിന്റെ രക്തം.
11. വെളി. 5: 9. വിമോചനത്തിന്റെ രക്തം.

വിലെക്കു വാങ്ങി എന്നു നാം വായിക്കുന്നു. ആരില് നിന്നാണ് വിലെക്കു വാങ്ങിയത്? വീണ്ടെടുപ്പ് വില കൊടുത്തത് ആര്ക്കാണ്. സര്വ്വ ലോകവും ദുഷ്ടന്റെ അധീനതയില് കിടക്കുന്നു. 1. യോഹ. 5: 19. അവന് ഈ ലോകത്തിന്റെ ദൈവമാണ്. 2. കൊരി. 4: 4. അങ്ങനെയെങ്കില് സാത്താന്റെ അധീനതയില് നിന്നാണല്ലോ ലോകത്തെ വീണ്ടെടുക്കേണ്ടത്. അതിനാല് വീണ്ടെടുപ്പു വില ലഭിക്കേണ്ടത് സാത്താനാണ് എന്നൊരു ചിന്തയും സംശയവും ചോദ്യവും ഉന്നയിക്കുന്നുണ്ട്. വീണ്ടെടുപ്പു വില യേശുവിന്റെ രക്തമാണങ്കില് അത് ഏറ്റു വാങ്ങി ലോകം വിട്ടുകൊടുക്കേണ്ടത് സാത്താനാണ് എന്ന് ചിലര് ഉന്നയിക്കുന്നു. അതിന് ഉത്തരം കൊടുക്കേണ്ടതുണ്ട്. ഒരുത്തന് ദരിദ്രനായിത്തീര്ന്നിട്ട് തന്റെ അവകാശത്തെയൊ തന്നെത്തന്നെയൊ വിറ്റാല് അവന്റെ അടുത്ത ചാര്ച്ചക്കാരനോ, അവന് തന്നെ പ്രാപ്തനായി തീര്ന്നാല് അവന് തന്നെത്തന്നെയോ, വീണ്ടെടുക്കാം എന്ന് പഴയനിയമത്തിലുള്ളത് നമ്മള് പഠിച്ചു. വീണ്ടെടുപ്പ് എന്ന് പറയുന്നത് വിറ്റവന് വാങ്ങിയവനില് നിന്നും കൈപ്പറ്റിയ തുകയാണ്. അഥവാ വിലെക്കു വാങ്ങിയവന്റെ കയ്യില് നിന്നും അവന് നഷ്ടപരിഹാരം കൊടുത്താണ് വീണ്ടെടുക്കേണ്ടത്. കബളിപ്പിച്ച് കൈവശപ്പെടുത്തിയവന് വീണ്ടെടുപ്പ് വില കൊടുക്കേണ്ടതില്ല, എന്നു മാത്രമല്ല അവനെ ശിക്ഷിച്ചു പുറത്താക്കുകയാണ് വേണ്ടത്. മനുഷ്യനെയും അവന്റെ അവകാശത്തെയും സാത്താന് കബളിപ്പിച്ച് കൈവശത്തപ്പെടുത്തിയതാണ് . അതിനാല് അവന് വീണ്ടെടുപ്പ് വില കൊടുത്ത് തൃപ്തിപ്പെടുത്തി അവന്റെ കയ്യില് നിന്നും തിരികെ പ്രാപിക്കുകയില്ല. അവന് നിഷ്ക്കാസനം ചെയ്തു നശിപ്പിക്കുകയാണ് വേണ്ടത്. അതാണ് സംഭവിക്കുന്നതും. പാപം ചെയ്യുന്ന ദേഹം മരിക്കുമെന്നത് ദൈവീക നിയമമാണ്. പാപം ചെയ്ത മനുഷ്യന് ദൈവമുമ്പില് മരണയോഗ്യനായി ദൈവത്തിന്റെ ശിക്ഷാവിധിയില് നിന്നും മനുഷ്യനെയും അവന്റെ അവകാശമായ ഭൂമിയേയും വീണ്ടെടുക്കുന്നതിനായി ക്രിസ്തു വീണ്ടെടുപ്പു വില നല്കിയത് ദൈവത്തിനാണ്. അതുകൊണ്ടാണ് വീണ്ടെപ്പിന്റെ ആധാരം ദൈവകരങ്ങളില് ഇരിക്കുന്നത്. വീണ്ടെടുപ്പ് വില കൊടുത്ത വ്യക്തിയാണ് അത് ഏറ്റുവാങ്ങേണ്ടത്. അതുകൊണ്ടാണ് പുസ്തകം വാങ്ങുവാന് യോഗ്യരായി മറ്റാരേയും കാണിക്കാതിരുന്നത്. പുത്രന് അത് വാങ്ങി മുദ്രകള് പൊട്ടിക്കുകയും അതില് എഴുതിയിരിക്കുന്ന പ്രകാരം ആധിപത്യം ഏറ്റെടുക്കുവാനുള്ള സംരംഭമാണ് വെളിപാട് 5-ാം അദ്ധ്യായത്തില് കാണുന്നത്. എന്നാല് ലോകത്തിന്റെ കൈവശക്കാരനായ സാത്താന് അത് സ്വമനസ്സാ ഒഴിഞ്ഞു കൊടുക്കുകയില്ല. അതിനാല് അവനെ പുറത്താക്കുവാനും അവന്റെ കൈവശത്തില് നിന്നും ലോകാധിപത്യം വീണ്ടെടുക്കുന്നതിനുമുള്ള പരിപാടികളാണ് തുടര്ന്നു നടക്കുന്നത്.

വെളിപ്പാടു പുസ്തകത്തിന്റെ തുടര്ന്നുള്ള അദ്ധ്യായങ്ങള് നാം നോക്കിയാല് ചില

നാളുകള്ക്ക് ശേഷം മാത്രമെ ഭൂമിയുടെ വീണ്ടെടുപ്പ് നടക്കുകയുള്ളു എന്നു കാണാം. കുഞ്ഞാട് അവകാശപത്രം വാങിയ ശേഷം സാത്താന് കൈവശത്തര്ക്കം പുറപ്പെടുവിക്കുന്നു. ആകയാല് അവന്റെ കൈവശത്തില് നിന്നും വിടര്ത്തി വസ്തു നടത്തിയെടുക്കേണ്ട ആവശ്യമുണ്ട്. മഹോദ്രവകാലത്തെ സംഭവങ്ങള് അതിനുവേണ്ടിയുള്ള നടപടികളാണ്. ആ നടപടികളുടെ അവസാനത്തില് മഹോദ്രവത്തിന്റെ കാലത്തിന്റെ അന്തിമ ഘട്ടത്തില് തന്നെ നമ്മുടെ കര്ത്താവ് തന്റെ സഭയായി ഇറങ്ങി വരുന്നു. വെളിപാട്. 19: 11ന് അതാണ് അവന്റെ മഹത്വ പ്രത്യക്ഷത. ദൈവജനത്തിന്റെ അവകാശ വസ്തുവായ ഈ ഭൂമിയില് നിന്ന് സാത്താനെ പുറത്താക്കുന്നു. അവനെ ചങ്ങലയിട്ട് ബന്ധിച്ച് അഗാധകൂപത്തിലേക്ക് തള്ളുന്നു. അഗാധത്തില് അവനെ അടെച്ചു പൂട്ടി മുദ്ര വയ്ക്കുന്നു. വെളി. 20: 1-4. അങ്ങനെ ഭൂമി ശാപത്തില് നിന്ന് വീണ്ടെടുക്കപ്പെടുന്നു. ദൈവജനങ്ങള്ക്കായി കര്ത്താവ് അതിനെ പ്രദാനം ചെയ്യുന്നു. അവന് അവരോട് “എന്റെ പിതാവിനാല് അനുഗ്രഹിക്കപ്പെട്ടവരെ, വരുവിന്. ലോകസ്ഥാപനം മുതല് നിങ്ങള്ക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊള്ളുവിന്” എന്ന് മത്താ. 25: 34. അങ്ങനെ വീണ്ടെടുക്കപ്പെട്ടവര് ഭൂമിയില് വാഴുന്നു.

“ഞാന് ന്യായാസനങ്ങളെ കണ്ടു. അവയില് ഇരുന്നവര്ക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു.” വെളി. 20: 4. ഇവര് ഈ 24 മൂപ്പന്മാര് ആണ്. ഞങ്ങള് ഭൂമിയില് വാഴും എന്ന് അവര് പാടി. വെളി. 5: 10. ഇപ്പോള് ഭൂമിയുടെ ഭരണത്തിന്റെ അധികാരം അവര്ക്ക് ലഭിച്ചിരിക്കുന്നു. കര്ത്താവ് മേഘങ്ങളില് വരുമ്പോള് സഭ എടുത്തു കൊള്ളപ്പെട്ട ശേഷം ഏഴു വര്ഷം അഥവാ മഹോദ്രവകാലത്തിന്റെ അന്തിമ ഘട്ടത്തില് കര്ത്താവ് ഭൂമിയിലേക്ക് ഇറങ്ങി വരുമ്പോള് സഭ അഥവാ 24 മുപ്പന്മാര് അവനോടുകൂടെ ഭൂമിയിലേക്ക് ഇറങ്ങിവരികയും ഭൂമിയുടെ ഭരണം അവര്ക്ക് ലഭിക്കുകയും ചെയ്യും. മഹോദ്രവകാലത്ത് രക്തസാക്ഷികളായി മരിച്ചവരും മൃഗത്തെയും അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും മുദ്രകൈക്കൊള്ളാതിരുന്നവരും ഈ ആയിരമാണ്ടു വാഴിചയിലേക്ക് ക്രിസ്തുവിനോടുകൂടെ വാഴുവാന് പ്രവേശിക്കും. വെളി. 20: 4. ഇങ്ങനെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാര് ഭൂമിയെ അവകാശമാക്കി അതില് വാഴുന്ന മഹത്വകാലത്തിനുവേണ്ടിയത്രെ നാം കാത്തിരിക്കുന്നത്.

മനുഷ്യന്റെ വീണ്ടുപ്പിന് രണ്ടു ഘട്ടം ഉണ്ട്. വീണ്ടും ജനനം പ്രാപിക്കുമ്പോള് നമ്മുടെ ആത്മാവില് വീണ്ടെടുപ്പ് അനുഭവിക്കുന്നു. കര്ത്താവിന്റെ വരവിങ്കല് ശാരീരിക വീണ്ടെടുപ്പ് ലഭ്യമാകുന്നു. ഇതുപോലെ ഭൂമുയുടെ വീണ്ടെടുപ്പിനും രണ്ടു ഘട്ടം ഉണ്ട്. കര്ത്താവ് ഭൂമിയിലേക്ക് വരുമ്പോള് സാത്താന്റെ കൈവശത്തില് നിന്ന് ഉദ്ധരിക്കപ്പെടുന്നു. അങ്ങനെ ആയിരമാണ്ട് വാഴ്ച നടക്കുന്നു. അനന്തരം ഭൂമി അഗ്നയാല് ശുദ്ധീകരിക്കപ്പെട്ടു പുതിയ ഭൂമിയായി തീരുമ്പോള് ഭൂമിയുടെ പരിപൂര്ണ്ണ വീണ്ടുടുപ്പ് നിവര്ത്തിയാകും. അപ്പോള് ഭൂമി ഒരു സ്വര്ഗ്ഗീയ ഗോളം ആയിരിക്കും. സകലതും പുതുതായി തീര്ന്ന അവസ്ഥയാണ് അത്. അങ്ങനെ സ്വര്ഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാം പിന്നെയും ക്രിസ്തുവില്

ഒന്നായിച്ചേര്ക്കപ്പെടുകയും ചെയ്യും. എഫേ. 1: 13, 14. വെളി. 21: 1; 2. പത്രൊ. 3: 10. കര്ത്താവ് നമുക്കും നമ്മുടെ അവകാശ വസ്തുവിനും വേണ്ടി കാല്വറിയില് വീണ്ടെടുപ്പ് സമ്പാദിച്ചിരിക്കുന്നു. അതിന്റെ കാര്യപരിപാടികളിലേക്ക് നാം ഇപ്പോള് നടത്തപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മള് ഭൂമിയില് വാഴും. എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. വെളി. 5: 10. യേശു നമ്മെ രാജാക്കന്മരും പുരോഹിതന്മാരും ആക്കിയിരിക്കുന്നു. ഇന്നു നാം നമ്മുടെ ആത്മാവില് വാഴുന്നു. ഒരുനാള് നമ്മുടെ ശരീരം കൊണ്ടും ഇതുപോലെ വാഴും.

വീണ്ടെടുപ്പിന്റെ വ്യാപ്തിയെ നാലു നിലകളില് എടുത്തു കാട്ടുന്നു. 1. സര്വ്വ ഗോത്രത്തിലും. 2. സര്വ്വ ഭൂമിയിലും. 3. വംശത്തിലും. 4. ജാതിയിലും (രാജ്യങ്ങള്) ഉള്ളവരെ വിലെക്കു വാങ്ങി. (7: 9; 14: 6; 11: 11; 11: 9) ഈ വര്ണ്ണന വെളിപ്പാടു പുസ്തകത്തില് മാത്രമേ കാണപ്പെടുന്നുള്ളൂ. വീണ്ടുപ്പിന്റെ ഒന്നാമത്തെ ഫലം നമ്മെ വിലെക്ക് വാങ്ങിയെന്നുള്ളതാണ്. രണ്ടാമത്, ദൈവത്തില് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കയെന്നുള്ളതാണ്. വിശ്വാസത്താല് ഇന്നു നാം രാജകീയ പുരോഹിതന്മാരാണ്. വിശ്വാസത്താല് ഇന്നു നാം രാജകീയ പുരോഹിതന്മാരാണ്. 1. പത്രോ. 2: 9. പക്ഷെ രാജകീയ വാഴ്ച ഇപ്പോഴല്ല. സഹസ്രാബ്ദയുഗത്തില് മാത്രമേ ലഭിക്കുന്നുള്ളു. (വെളി. 20: 4, 6; 22: 5). അവര് ഭൂമിയില് വാഴുന്നു എന്നതിന് അവര് ഭൂമിയില് വാഴും എന്നാണ് മൂല ഭാഷയില് ഉപയോഗിച്ചിരിക്കുന്നത്.

1. പുതിയ പാട്ട്. വെളി. 5: 10; 14: 3; സങ്കീ. 33: 3; 40: 3; 98: 1; 149: 1; യെശ. 42: 9, 10.
2. പുതിയ പേര്. വെളി. 2: 7; 3: 12.
3. പുതിയ യെരൂശലേം. വെളി. 3: 12; 21: 2.
5. പുതിയ ഭൂമി. വെളി. 21: 1.

ഇങ്ങനെ സകലതും പുതുതാക്കപ്പെടുന്നു. വെളി. 21: 5.

വക്യം. 11 "പിന്നെ ഞാന് ദര്ശനത്തില് സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു. അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു.

ഇത് ദര്ശനങ്ങളുടെ പുസ്തകമാണ്. ഞാന് കണ്ടു എന്ന് 44 പ്രാവശ്യവും ഞാന് കേട്ടു എന്ന് 27 പ്രാവശ്യവും ഞാന് കേട്ടു എന്ന് 27 പ്രാവശ്യവും ഈ പുസ്തകത്തില് ഉണ്ട്. പതിനായിരക്കണക്കിന് ദൂതന്മാരുടെ എണ്ണം ഇവിടെ പറഞ്ഞിരിക്കുന്നു. സ്തുതിഘോഷത്തിന്റെ ശബ്ദമാണ് കേള്ക്കുന്നത്. ദാനി. 7: 10-ല് "ആയിരമായിരം പേര് അവന് ശുശ്രൂഷ ചെയ്തു. പതിനായിരം പതിനായിരം പേര് അവന്റെ മുമ്പാകെ നിന്നു" എന്ന് കാണുന്നു. ആവ. 33: 2ലും "യഹോവ.... ലക്ഷോപലക്ഷം വിശുദ്ധന്മാരുടെ അടുക്കല് നിന്നും വരുന്നു" എന്നു കാണുന്നു.

എണ്ണുവാന് പാടില്ലാത്തവണ്ണം ദൂതന്മാര് എന്നര്ത്ഥം. സ്വര്ഗ്ഗത്തില് കോടാനുകോടി ദൂതന്മാരുണ്ട്. അതുകൊണ്ട് തന്റെ മക്കളില് ഓരോരുത്തര്ക്കുംവേണ്ടി ഒന്നോ ഒന്നിലധികമോ ദൂതന്മാരെ നിയോഗിപ്പാന് ഇടയാകുന്നു. "രക്ഷ പ്രാപിക്കുന്നവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കള്." എന്നാണ് ദൂതന്മാരെക്കുറിച്ച് എബ്രാ. 1: 14-ല് വായിക്കുന്നത്. നമ്മുടെ സഹായത്തിനായി ഒന്നിലധികം ദൂതന്മാരെ ദൈവം നിയോഗിച്ചിട്ടുണ്ട്. ഓരോരുത്തര്ക്കും പിതാവിന്റെ മുഖം കാണുന്ന ദൂതന്മാര് സഹായിയിണ്ടുടെന്ന് യേശു പറഞ്ഞിരിക്കുന്നു. മത്താ. 18: 10, 11.

വാക്യം. 12- അവര് അത്യുച്ചത്തില് അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാന് യോഗ്യന് എന്ന് പറഞ്ഞു. കുഞ്ഞാടിന്റെ ഏഴു വിധ ഗുണവിശേഷങ്ങളെ പ്രകീര്ത്തിച്ചുകൊണ്ട് ഏഴുവിധ ഗുണവിശേഷങ്ങളെ പ്രകീര്ത്തിച്ചുകൊണ്ട് ദൂതന്മാര് പാടിയിരിക്കുന്നു. കുഞ്ഞാട് അറുക്കപ്പെട്ടതിനാലാണ് ഈ ഗുണ വിശേഷങ്ങള്ക്ക് യോഗ്യനായി തീര്ന്നത്.

**1. ശക്തി.** സകല ശക്തിയും നമ്മുടെ കര്ത്താവിനുള്ളതാകുന്നു. മത്താ. 28: 18. ക്രിസ്തുവിനെ ദൈവശക്തിയായി വിശേഷിപ്പിച്ചിരിക്കുന്നു. 1. കൊരി. 1: 24. ദൈവത്തിന്റെ നിത്യ ശക്തിയും. റോമ. 1: 20. ഏത് അസാദ്ധ്യങ്ങളെയും സാദ്ധ്യമാക്കുവാന് അവന് ശക്തനാണ്.

**2. ധനം.** അവന് സകലത്തിലും സമ്പനനായിരിക്കുന്നു. എങ്കിലും നമുക്ക് വേണ്ടി ദരിദ്രനായിത്തീര്ന്നു. 2. കൊരി. 8: 9. എഫേ. 3: 8ല് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെക്കുറിച്ച് വായിക്കുന്നു. ദൈവജനത്തിന്റെ ആത്മീകവും സാമ്പത്തികവുമായ ആവശ്യങ്ങളില് അവരെ സമ്പന്നനാക്കുവാന് ക്രിസ്തു മതിയായവനാണ്. ഏത് വാഗ്ദാനവും ഏത് ആവശ്യവും നിവര്ത്തിപ്പാനുള്ള കഴിവ് യേശുവിനുണ്ട്.

**3. ജ്ഞാനം.** ക്രിസ്തു ദൈവത്തിന്റെ ജ്ഞാനം ആകുന്നു. 1. കൊരി. 1: 24. അവന് നമുക്ക് ദൈവത്തിങ്കല് നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീര്ന്നു. 1. കൊരി. 1: 30. അവനില് ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങള് ഒക്കെയും ഗുപ്തമായിട്ട് ഇരിക്കുന്നു. കൊലോ. 2: 3.

**4. ബലം.** അവന് ബലവാനാകയാല് ശത്രുവിന്റെ സകല ബലത്തെയും തോത്പിപ്പാന് കഴിവുള്ളനാണ്. ലൂക്കോ. 11: 22. വാഴ്ചകളെയും അധികാരത്തെയും ആയുധ വര്ഗ്ഗം വയ്പ്പിച്ചു ക്രൂശില് അവരുടെമേല് ജയോത്സവം കൊണ്ടാടിയ യേശു തന്റെ ജനത്തിന് മതിയായ സംരക്ഷണം

നല്കുവാന് മതിയായ ബലവാനാണ്. ലൂക്കോ. 11: 22; കൊലോ. 2: 15. സാത്താന്റെ ശക്തികളെ ഇല്ലായ്മ ചെയ്യുവാന് അവന് ബലവാനാകുന്നു.

**5. ബഹുമാനം.** എല്ലാ മുഴങ്കാലും അവന്റെ മുമ്പില് മടങ്ങുന്ന സമയം വരുന്നു. ഫിലി. 2: 11. അവന് ഉയര്ത്തെഴുന്നേറ്റവനാകയാല് സര്വ്വ ജനവും യേശുവിനെ കര്ത്താവ് എന്ന് ഏറ്റു പറഞ്ഞു ബഹുമാനിക്കുന്നു. പിതാവായ ദൈവം സകല നാമത്തിനും മേലായ നാമം നല്കി അവനെ ആദരിച്ചതിനാല് ബഹുമാനത്തിനും അവന് യോഗ്യനാണ്.

**6. മഹത്വം.** അവന്റെ തേജസ്സ് (മഹത്വം) പിതാവിന്റെ തേജസ്സായി തന്നെ ദര്ശിക്കുന്നു. യോഹ. 1: 14. മഹത്വവും തേജസ്സും ദൈവത്തിന് മാത്രം അവകാശപ്പെട്ടതാകയാല് ക്രിസ്തു ദൈവം തന്നെ എന്ന് സ്പഷ്ടമാകുന്നു.

**7. സ്തോത്രം.** ദൂതന്മാര് എപ്പോഴും സ്തോത്രം ചെയ്യുന്നു. സ്തോത്രമെന്ന യാഗമല്ലാതെ മറ്റൊന്നും നമുക്ക് അവന് കൊടുപ്പാനില്ല. സ്തോത്രം നന്ദിപ്രകടനമാണ്. അത് നമ്മില് നിന്ന് പ്രതീക്ഷിക്കുന്നു.
ഏഴു വിധത്തില് താഴ്ച ഭവിച്ച യേശുവിനെ ഏഴു പദവികള് നല്കി അവനെ ഉയര്ത്തുന്നു. ഫിലി. 2: 6, 7, 8. യാതൊരു തര്ക്കം ലഭിച്ചിട്ടില്ലാത്തതായ വലിയ ഏഴു യോഗ്യതയകള് ആണ് കര്ത്താവിന് ലഭിച്ചത്.

വാക്യം. 13, 14 "സ്വര്ഗ്ഗത്തിലും ഭൂമിക്ക് കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതൊക്കെയും സിംഹാസനത്തില് ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേയ്ക്കും ഉണ്ടാകട്ടെ എന്ന് പറയുന്നത് ഞാന് കേട്ടു. നാലു ജീവികളും അമേന് എന്നു പറഞ്ഞു. മൂപ്പന്മാര് വീണു നമസ്ക്കരിച്ചു."

ദൂതന്മാരും മൂപ്പന്മാരും കുഞ്ഞാടിന്റെ ഏഴു വിധ ഉയര്ച്ചയെ പറഞ്ഞു സ്തുതിക്കുമ്പോള് സൃഷ്ടി നാലു നിലയില് സ്തുതിക്കുന്നു. എന്നെന്നേയ്ക്കും എന്നുള്ളത് നിത്യതയെ വ്യക്തമാക്കുന്നു. സര്വ്വ സൃഷ്ടിയും ജീവികളോടും മൂപ്പന്മാരോടും ദൂതന്മാരോടും ചേര്ന്ന് സ്വര്ഗ്ഗീയ ആരാധനയില് പങ്കു ചേരുന്നു. നാലു കാര്യങ്ങള് ആശംസിച്ചുകൊണ്ട് അവര് ആരാധിക്കുന്നു. സ്തോത്രവും ബഹുമാനവും മഹത്വവും ബലവും. ദൂതന്മാര്ക്കും മനുഷ്യനൊഴികെയുള്ള സൃഷ്ടികള്ക്കും കര്ത്താവിനെ സൃഷ്ടിതാവ് എന്ന നിലയിലെ സ്തുതിക്കുവാന് കഴിയുകയുള്ളൂ. ദൂതന്മാരുടെയും സൃഷ്ടികളുടെയും സ്തുതിക്ക് ജീവികള് മാത്രം ആമേന് പറയുന്നത് ശ്രദ്ധേയമാണ്. അവരും കര്ത്താവിനെ സൃഷ്ടിതാവ് എന്ന നിലയിലെ അറിഞ്ഞിട്ടുള്ളൂ. എന്നാല് കര്ത്താവിനെ രക്ഷിതാവ് എന്നറിഞ്ഞ 24 മൂപ്പന്മാര് അവനെ വീണു നമസ്ക്കരിക്കുന്നു. കുഞ്ഞാട് നമുക്ക് നല്കിയ വീണ്ടെടുപ്പിന്റെ മഹത്വം എത്ര വലിയതാണ്. അത് ഓര്ക്കുമ്പോള് എങ്ങനെ യേശുവിനെ ആരാധിക്കാതിരിക്കും? സ്വര്ഗ്ഗീയ ആരാധനയുടെ മനോഹരമായ

രംഗത്തോടുകൂടി സ്വര്ഗ്ഗീയ ദര്ശനമെന്ന ഒന്നാം രംഗത്തിന് ഇവിടെ തിരശ്ശീല വീഴുന്നു. 6-ാം അദ്ധ്യായം മുതല് മഹോദ്രവകാലം ആരംഭിക്കുകയാണ്. തുടര്ന്ന് ഭൂമിയില് നടക്കാന് പോകുന്ന സംഭവങ്ങളാണ് നാം പഠിപ്പാന് പോകുന്നത്.

(തുടരും)